(ബി) കേരളത്തിൽ വ്യവസായ മേഖലയായ ആലുവായിൽ തുടങ്ങുന്ന കോളേജിനു് മുൻഗണന നൽകി പ്രവർത്തനം തുടങ്ങുവാൻ ഗവൺമെൻറു് തയ്യാറാകുമോ?

ഉത്തരം

(എ, ബി) 1986–87 അദ്ധ്യയനവർഷത്തിൽ ഒരെണ്ണവും തുടർന്നു മറ്റു രണ്ടെണ്ണവും തുടങ്ങും. ഇതിൽ ആദ്യത്തെ കോളേജു് വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന കണ്ണൂർ/കാസർകോഡു് ജില്ലയിലും രണ്ടാമത്തേതു് കോട്ടയം/ഇടുക്കി ജില്ലയിലും മൂന്നാമത്തേതു് വ്യവസായ മേഖലയായ ആലുവായിലും എന്ന ക്രമത്തിൽ തുടങ്ങാനാണു് തീരുമാനം.

ആലപ്പുഴയിൽ ഒരു എഞ്ചിനീയറിംഗു് കോളേജു്

159 [172] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യത്തിനു് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഗവൺമെൻറു് കോളേജുകളും ഒന്നുമില്ലാത്ത ആലപ്പുഴ ജില്ലയിൽ ഒരു എഞ്ചിനീയറിംഗു് കോളേജു് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോൾ നിർവ്വാഹമില്ല.

അമ്പലപ്പുഴയിൽ ഒരു ജൂനിയർ കോളേജു്

160 [173] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യത്തിനു് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിൽ ഗവൺമെൻറു് കോളേജുകളും ഒന്നുമില്ലെന്നുള്ള വസ്തുത കണക്കിലെടുത്തു് അമ്പലപ്പുഴയിൽ ഒരു ജൂനിയർ കോളേജു് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

അമ്പലപ്പുഴയിൽ ഈ വർഷം ജൂനിയർ കോളേജു് ആരംഭിക്കാൻ കേരള സർവ്വകലാശാല ശുപാർശ ചെയ്തിട്ടില്ല.

അപ്ഗ്രേഡു് ചെയ്യാനുദ്ദേശിക്കുന്ന ജൂനിയർ കോളേജുകൾ

161 [174] ശ്രീ. എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് ഏതെങ്കിലും ജൂനിയർ കോളേജു് ഈ വർഷം അപ്ഗ്രേഡു് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം?

ഉത്തരം

(എ, ബി) തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly